# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1613 | | 10.03.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ആദ്യ നൈറ്റ് ലൈഫ് നഗരമായുള്ള തിരുവനന്തപുരത്തിന്റെ മാറ്റം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | നഗരജീവിതം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിന് സംസ്ഥാനത്തെ ആദ്യ നൈറ്റ് ലൈഫ് നഗരമായി തിരുവനന്തപുരത്തെ മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ നഗരങ്ങളിൽ രാത്രികാലങ്ങളിലും സജീവമായ നിരത്തുകളും കച്ചവടസ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിൽ 24 മണിക്കൂറും സജീവമാകുന്ന സുരക്ഷിതമായ നിരത്തുകളും തുറന്നു പ്രവർത്തിക്കുന്ന വ്യാപാര വാണിജ്യ സ്ഥാപനങ്ങളും കോർപ്പറേഷൻ നിശ്ചയിക്കുന്ന പ്രത്യേക പ്രദേശങ്ങളിൽ പ്രയോഗത്തിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ 24 മണിക്കൂർ സജീവമാകുന്ന കച്ചവട സ്ഥാപനങ്ങൾ ഏതൊക്കെ പ്രദേശങ്ങളിൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) | ഇത്തരം പ്രദേശങ്ങൾ തിരുവനന്തപുരം നഗരത്തിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ തലത്തിൽ സ്വീകരിച്ചുവരുന്നതേയുള്ളൂ. |
| (സി) | പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കി മെച്ചപ്പെട്ട രീതിയിൽ ഇത് നടപ്പാക്കുന്നതിന് എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഏതൊക്കെ വകുപ്പുകളുടെ ഏകോപനം ഇതിന് ആവശ്യമുണ്ട് എന്നറിയിക്കാമോ; | (സി) | പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടൂറിസം, പോലീസ്, തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സ്ഥിരം സമിതി രൂപീകരിച്ച് സുരക്ഷിതമായും മെച്ചപ്പെട്ട രീതിയിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇപ്രകാരം സ്ഥിരം സമിതി രൂപീകരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. |
| (ഡി) | സംസ്ഥാനത്തെ മറ്റ് നഗരങ്ങളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. മറ്റ് പ്രധാനപ്പെട്ട നഗരങ്ങളിലും പ്രസ്തുത പദ്ധതി 2020 ഏപ്രിലിൽ തന്നെ പ്രയോഗത്തിൽ വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ